# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 363 17.12.2014 - ൽ മറുപടിക്ക്

## കടൽ - കായൽ ജലശുദ്ധീകരണ ശാലകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. വർക്കല കഹാർ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലഅതോറിറ്റി കടൽ - കായൽ ജല ശുദ്ധീകരണശാലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഈ വിഷയം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവം മൂലം ശുദ്ധ ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ, പ്രത്യേകിച്ചും തീരപ്രദേശങ്ങ ളിലും കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും കുഴൽ കിണറുകൾ സ്ഥാപിച്ചു ലഭ്യമാകുന്ന ലവണ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള ദർഘാസുകൾ ക്ഷണിക്കുകയും ദർഘാസുകളിൻ മേലുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. 5.365 കോടി രൂപയുടെ ഭരണാനുമതിയോടുകൂടി 19 ചെറുകിട പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടറുകൾ 28/01/2013-ൽ ക്ഷണിച്ചിരുന്നു. എന്നാൽ ടെണ്ടറുകൾ ലഭിച്ചപ്പോൾ തുക ഭരണാനുമതി ലഭിച്ച തുകയേക്കാൾ 100%-ൽ കുടുതലായതിനാൽ റദ്ദാക്കുകയുണ്ടായി. തുടർന്ന് 5.07 കോടി രൂപയുടെ ഭരണാനുമതിയോടുകൂടി 29/03/2014-ൽ പ്രസ്തുത വർക്കുകൾക്ക് പുനർ ദർഘാസുകൾ ക്ഷണിക്കുകയുണ്ടായി. രണ്ട് കമ്പനികളാണ് ഓഫറുകൾ നൽകിയത്. |

| | | | |
|---|---|---|---|
| | | | ഓഫർ ലഭിച്ചത് ഭരണാനുമതിയേക്കാൾ 67.36% കൂടുതലായതിനാൽ പുനർ ദർഘാസ് ക്ഷണിക്കുവാൻ ജലഅതോറിറ്റി ബോർഡ് തീരുമാനിക്കുകയുണ്ടായി. പുനർ ദർഘാസിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) | തനത് കുടിവെള്ള സ്രോതസ്സില്ലാത്ത ഇടങ്ങളിൽ മേൽ പറഞ്ഞ മാർഗ്ഗം ഉപയോഗിച്ച് കുടിവെള്ളം എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | കേന്ദ്രസഹായം ഇപ്പോൾ ലഭിക്കുന്നില്ല. നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ നൂതന സാങ്കേതിക വിദ്യ ഇനത്തിൽ വകയിരിത്തിയിരിക്കുന്ന തുക ചിലവാക്കി 19 പ്ലാന്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | കുടിവെള്ള ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവം മൂലം ശുദ്ധജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പ്രത്യേകിച്ചും തീര പ്രദേശങ്ങളിലും കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും കുഴൽ കിണറുകൾ സ്ഥാപിച്ചു ലഭ്യമാകുന്ന ലവണജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ